केनरा बैंक Canara Bank

# എൻ ആർ ഇ ഡിപ്പോസിറ്റ് പ്ലസ്

ലക്കം: 05-2021

1. **പ്രയോജനങ്ങൾ :**

- ഫോർവേഡ് പ്രീമിയം ഉയർന്നതായിരിക്കുമ്പോൾ മാത്രം ഈ ഉല്പന്നം എൻആർഐ ഇടപാടുകാർക്ക് മെച്ചപ്പെട്ട ആദായം നൽകുന്നു.
- എൻആർഐ ഇടപാടുകാർക്ക് കാലാവധി കഴിയുമ്പോഴുള്ള തുക, ഇന്ത്യൻ രൂപയിൽ ആവശ്യമാണെങ്കിൽ മാത്രം ഇടപാടുകാർക്ക് ഈ ഉല്പന്നം ലഭ്യമാക്കാവുന്നതാണ്.

2. **അർഹത :**

- യുഎസ് ഡോളറിൽ കെ ഡി ആറിൽ നിക്ഷേപിക്കാൻ തയ്യാറാകുന്ന എൻആർഐ ഇടപാടുകാർ.
- ഇടപാടുകാർ, കാലാവധി കഴിയുമ്പോഴുള്ള തുക രൂപയിൽ മാത്രം സ്വീകരിക്കാനുള്ള അധികാരപത്രം നൽകേണ്ടതാണ്.

3. **നിയുക്ത കറൻസി :** യുഎസ് ഡോളർ മാത്രം
4. **അനുവദനീയമായ അക്കൌണ്ട് :** കെ ഡിആർ മാത്രം (സ്ഥിര നിക്ഷേപം)
5. **നിക്ഷേപത്തിന്റെ കാലാവധി :** നിക്ഷേപത്തിന്റെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ കാലാവധി 1 വർഷവും 1 ദിവസവുമാണ്. യാതൊരു കാരണവശാലും 1 വർഷം 1 ദിവസത്തിൽ കൂടിയ കാലാവധിയ്ക്ക് നിക്ഷേപം സ്വീകരിക്കാവുന്നതല്ല.
6. **നിക്ഷേപം തിരികെയെടുക്കൽ:** കാലാവധി കഴിയുമ്പോഴുള്ള നിക്ഷേപത്തുക ഇന്ത്യൻ രൂപയിൽ മാത്രം തിരികെ നൽകുന്നതാണ്.
7. **പലിശ നിരക്ക് :**

- എഫ്സിഎൻആർ നിക്ഷേപത്തിന് ബാധകമായ നിരക്ക്
- കാലാവധി കഴിയുമ്പോൾ, ബുക്ക് ചെയ്ത ഫോർവേഡ് കോൺട്രാക്റ്റ് സഹിതം ഇന്ത്യൻ രൂപയിലേക്ക് മാറ്റുന്നതാണ്.

8. **നിക്ഷേപത്തുകയിന്മേൽ വായ്പ :**

ഇത്തരം വായ്പ ഇന്ത്യൻ രൂപയിൽ മാത്രമേ നൽകുകയുള്ളൂ. വായ്പാത്തുക ഇടപാടുകാരന്റെ എൻആർഒ എസ് ബി അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണ്.

9. **കാലാവധി കഴിയുമ്പോഴുള്ള പെയ്മെന്റ് :**

എൻആർഇ ഡിപ്പോസിറ്റ് പ്ലസിന്റെ കാലാവധി കഴിഞ്ഞുള്ള തുക, ഫോർവേഡ് കോൺട്രാക്റ്റ് ബുക്ക് ചെയ്ത നിരക്കിൽ ഇന്ത്യൻ രൂപയിലേക്ക് മാറ്റുന്നതും ഇടപാടുകാരന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതുമാണ്.
എൻആർഇ ഡിപ്പോസിറ്റ് പ്ലസിന്റെ കാലാവധി കഴിഞ്ഞുള്ള തുക, ഇടപാടുകാരൻ നൽകിയ അധികാരപത്രം അനുസരിച്ച് എൻആർഇ/എൻആർഒ എസ് ബി വഴി മാത്രമേ വിദേശത്തേക്ക് കൊണ്ടുപോകാൻ അനുമതിയുള്ളൂ.

10. **കാലാവധി പൂർത്തിയാകും മുമ്പ് നിക്ഷേപം പിൻവലിക്കൽ :**

സാധാരണയായി, കാലാവധി പൂർത്തിയാകും മുമ്പ് നിക്ഷേപം പിൻവലിക്കൽ അനുവദനീയമല്ല. എന്നാൽ അസാധാരണ പരിതസ്ഥിതികളിൽ ഇടപാടുകാരന്റെ നിർദ്ദിഷ്ട അപേക്ഷയിന്മേൽ കാലാവധി പൂർത്തിയാകും മുമ്പ് നിക്ഷേപം പിൻവലിക്കാവുന്നതും നിക്ഷേപത്തുക ഇന്ത്യൻ രൂപയിൽ മാറ്റാവുന്നതുമാണ്.

11. **ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ ബാധകമായ മുന്നുപാധികൾ :**

- കാലാവധി കഴിയുമ്പോഴുള്ള തുക ഇന്ത്യൻ രൂപയിൽ തന്റെ എൻആർഇ എസ് ബി യിൽ അഥവാ സാവധി നിക്ഷേപമായി അല്ലെങ്കിൽ എൻആർഒ അക്കൌണ്ടിൽ ക്രെഡിറ്റ് വഴിയായി സ്വീകരിക്കാമെന്ന്, അതായത് നിക്ഷേപകന് പ്രസ്തുത തുക ഇന്ത്യൻ രൂപയിൽ ആവശ്യമാണെന്ന് നിക്ഷേപകൻ സ്പഷ്ടമായ അധികാരപത്രം നൽകിയിരിക്കണം.
- നിക്ഷേപകൻ പ്രസ്തുത തുക വിദേശ കറൻസികളിൽ വയ്ക്കാൻ ഉദ്ദേശിക്കുന്ന ആളായിരിക്കരുത്.
- നിക്ഷേപകന് ഒരു വർഷം കഴിഞ്ഞേ പ്രസ്തുത തുക ആവശ്യമായി വരാവൂ.
- കാലാവധി കഴിയും മുമ്പ് പ്രസ്തുത നിക്ഷേപം പിൻവലിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഫോർവേഡ് കോൺട്രാക്റ്റ് റദ്ദാക്കാനും വിനിമയ നഷ്ടം കൂടാതെ എല്ലാ ചാർജ്ജുകളും വഹിക്കാനുമുള്ള ഉറപ്പ് നിക്ഷേപകൻ നൽകേണ്ടതാണ്.

12. മറ്റ് വിവരങ്ങൾ :

ബാങ്കിന്റെ സാധാരണ എഫ്സിഎൻആർ അക്കൌണ്ടുകൾക്ക് ബാധകമായ മറ്റെല്ലാ നിയമങ്ങളും ചട്ടങ്ങളും, വ്യവസ്ഥകളും ഈ പദ്ധതിക്കും ബാധകമാണ്.

**07.05.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശ നിരക്ക് താഴെപ്പറയുന്നു:**

(% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിനു മുകളിലും 2 വർഷത്തിൽ താഴെ | 0.98 | 0.64 | പൂജ്യം | 1.12 | 0.62 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.05 | 0.82 | 0.03 | 1.16 | 0.71 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 4 വർഷത്തിൽ താഴെ | 1.25 | 0.98 | 0.09 | 1.46 | 0.84 |
| 4 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 1.49 | 1.12 | 0.16 | 1.71 | 1.12 |
| 5 വർഷം മാത്രം | 1.72 | 1.23 | 0.24 | 1.91 | 1.37 |

**07.05.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) ആർ എഫ് സി സാവധി നിക്ഷേപങ്ങളിന്മേലും ആർ എഫ് സി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിന്മേലുള്ള പലിശ നിരക്ക് താഴെപ്പറയുന്നു:**

(പലിശ നിരക്ക് % പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| സേവിംഗ്സ് ബാങ്ക് | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 1 മാസവും അതിനു മുകളിലും എന്നാൽ 3 മാസത്തിൽ താഴെ | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 3 മാസവും അതിനു മുകളിലും എന്നാൽ 6 മാസത്തിൽ താഴെ | 0.09 | പൂജ്യം | പൂജ്യം | 0.02 | പൂജ്യം |
| 6 മാസവും അതിനു മുകളിലും എന്നാൽ 1 വർഷത്തിൽ താഴെ | പൂജ്യം | പൂജ്യം | 0.03 | പൂജ്യം | പൂജ്യം |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 0.98 | 0.64 | പൂജ്യം | 1.12 | 0.62 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.05 | 0.82 | 0.03 | 1.16 | 0.71 |
| 3 വർഷം മാത്രം | 1.25 | 0.98 | 0.09 | 1.46 | 0.84 |

**കനറാ ബാങ്ക് ഈമെയിൽ വഴി നിങ്ങളിൽ നിന്ന് യാതൊരു വിവരവും ആവശ്യപ്പെടുകയില്ല. അപ്രതീക്ഷിത കേന്ദ്രങ്ങളിൽ നിന്ന് വരുന്ന ഈമെയിൽ വഴി ലഭിക്കുന്ന യാതൊരു ലിങ്കിലും ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുഷ്ടലാക്കോടു കൂടിയ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ നിങ്ങളുടെ സാമ്പത്തിക വിവരങ്ങൾ തട്ടിയെടുക്കാനുള്ള ശ്രമമാകാം. ഈമെയിൽ/ഫോൺ/മറ്റ് അ റിയിപ്പുകൾ വഴി നിങ്ങളുടെ അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ ഉറപ്പിക്കാൻ ബാങ്ക് ഒരിക്കലും നിങ്ങളോട് ആവശ്യപ്പെടുകയില്ല. അത്തരം സംഭവങ്ങൾ അത്തരം സംഭവങ്ങൾ ഉടൻ തന്നെ reportphishing@canarabank.com; cbgimb@canarabank.comഎന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.**

നിങ്ങളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും സുഖകരവുമാക്കാൻ കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ള റ്റിൻ കാണുക. നിങ്ങളുടെ വിലയേ റിയ പ്രതികരണങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ എല്ലായ്പ്പോഴും സ്വാഗതം ചെയ്യുന്നു. (ഈമെയിൽ: nrihub@canarabank.com;nrihelpdesk@canarabank.com) ബന്ധപ്പെടാനുള്ള നമ്പർ - 080 22280811 / കോൾ കനറാ നമ്പർ 080-22064232.

ധനം നിക്ഷേപിക്കാനുള്ള വിവിധ സൌകര്യങ്ങൾ/ഇൻഷുറൻസ്/മ്യൂച്വൽ ഫണ്ട് പദ്ധതികൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകൾ ഉപയോഗിക്കാവുന്നതാണ്.

**ലൈഫ് ഇൻഷുറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**ഹെൽത്ത് ഇൻഷുറൻസ് :**

http://www.canarabank.com/english/bank-services/personal-banking /insurance-business/health-insurance/

**ജനറൽ ഇൻഷുറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**പ്രവാസി ഭാരതീയർക്കായുള്ള നിക്ഷേപ പദ്ധതികൾ :**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**മ്യൂച്വൽ ഫണ്ട്:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**ഡിപ്പോസിറ്ററി സേവനങ്ങൾ :**

http://www.canarabank.com/english/bank-services/personal-banking/depository-services/

canarabank CanaraBankOfficial canarabank canarabankinsta